# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4281** **13.12.2018-ൽ മറുപടിക്ക്**

**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് മുഖേനയുള്ള പ്രവർത്തനങ്ങൾ**

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ബോർഡിന്റെ തനതു ഫണ്ടുപയോഗിച്ചും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഡി. ഡി. യു. ജി. ജെ. വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയും 5728 സർവ്വീസ് കണക്ഷനുകൾ നൽകുകയും 33.18 കി.മീ. എച്ച്.റ്റി ലൈനുകളും 44.09 കി.മീ എൽ.റ്റി ലൈനുകളും വലിക്കുകയും 42 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 71.83 കി.മീ ലൈൻ കൺവെർഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ സെക്ഷനുകളിൽ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പണം അടച്ചുകൊണ്ട് സ്ട്രീറ്റ് മെയിൻ വലിച്ചു സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br><br>കൊട്ടാരക്കര മണ്ഡലത്തിൽപ്പെട്ട അമ്പലപ്പുറം 110 കെ.വി സബ്സ്റ്റേഷനിലെ പഴക്കം ചെന്ന ട്രാൻസ്ഫോർമർ മാറ്റി പുതിയത് സ്ഥാപിക്കുകയും ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര വൈദ്യുതി ഭവനത്തിന്റെ മേൽക്കൂരയിൽ 29.12.2017-ാം തീയതി 80 കിലോ വാട്ട് പീക്കിന്റെ സൗരോർജ്ജ നിലയം കമ്മീഷൻ ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകൾ ഉണ്ടോ; ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ബി) | ഉണ്ട്. കുളക്കട സെക്ഷനിലെ രണ്ടു വീടുകളുടെയും ചെങ്ങമനാട് സെക്ഷനിലെ ഒരു വീടിന്റെയും കണക്ഷൻ സംബന്ധിച്ച തർക്കം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരിഗണനയിലും ചെങ്ങമനാട് സെക്ഷനിലെ ഒരു വീടിന്റെ കണക്ഷൻ സംബന്ധിച്ചുള്ള തർക്കം ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഈ നാലു വീടുകൾക്ക് കണക്ഷൻ നൽകുവാനുണ്ട്. പുതുതായി ലഭിക്കുന്ന അപേക്ഷകൾ മറ്റു തടസ്സങ്ങൾ ഇല്ലാത്ത പക്ഷം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ നൽകി വരുന്നുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ